(ബി) പിടിച്ചെടുത്ത സ്പിരിറ്റ് ലേലം ചെയ്ത് വിൽക്കുന്നത് വീണ്ടും വ്യാജമദ്യം ഉണ്ടാക്കുന്നതിനായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമായി എക്സൈസ് വകുപ്പ് 3,02,566 ലിറ്റർ വ്യാജ സ്പിരിറ്റും, പോലീസ് വകുപ്പ് 2,93,744,905 ലിറ്റർ വ്യാജ സ്പിരിറ്റും പിടിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർക്കുന്നു.†

(ബി) പിടിച്ചെടുത്തിട്ടുള്ള സ്പിരിറ്റ് 10-10-2002-ലെ ജി. ഒ. (പി) നം. 148/2002/നി.വ ഉത്തരവ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഡിസ്പോസൽ കമ്മിറ്റിയുടെ ശുപാർശകൾക്ക് വിധേയമായി സംസ്ഥാനത്തെ പൊതു മേഖലാ ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കൽ, കോമ്പൗണ്ടിംഗ് ആന്റ് ബ്ലെന്റിങ്ങ് യൂണിറ്റുകൾ എന്നിവയ്ക്ക് ലിറ്ററൊന്നിന് 10 രൂപ വീതം വിലയായി നിശ്ചയിച്ചു കൊടുക്കുവാൻ 25-2-2003-ലെ ജി. ഒ. (ആർ. ടി.) നം. 135/03/നി.വ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലുമുള്ള മേൽ സ്ഥാപനങ്ങൾക്കു മാത്രമാണ് ടി സ്പിരിറ്റ് വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കുന്നത്. ഇപ്രകാരം വിൽക്കുന്ന സ്പിരിറ്റ് യാതൊരു കാരണവശാലും വീണ്ടും വ്യാജമദ്യം ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

ബിയർ പാർലറുകൾ അനുവദിക്കുവാൻ നടപടി

34 (4073) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിയർ പാർലറുകൾ പുതുതായി അനുവദിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അവ നടത്തുവാൻ താല്പര്യമുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് അവ നൽകുവാൻ നടപടിയെടുക്കുമോ ;

(സി) ഏതെങ്കിലും ഡി. ടി. പി. സി. ബിയർ പാർലറുകൾ നടത്താൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് പറയുമോ ?

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2003-2004-ലെ അബ്കാരി നയമനുസരിച്ച കെ. റ്റി. ഡി. സി.-ക്ക് വൈൻ/ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് പുതിയ വൈൻ/ബിയർ പാലർറുകൾ അർഹതയുടെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന ടൂറിസം കേന്ദ്രങ്ങളിലും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടതായി കാണുന്നില്ല.

ഗുണമേന്മയുള്ള കള്ള് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടി

35 (4074) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കള്ളിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര തെങ്ങുകൾ ചെത്തുന്നതിനാണ് തൊഴിലാളികൾക്ക് നിയമപരമായി അനുമതി കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തെങ്ങുകൾ കൂട്ടമായി എടുത്ത് തോപ്പുകൾ ഒന്നിച്ച് ചെത്തുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇതിനായി ട്രീ ടാക്സ് (വൃക്ഷക്കരം) അടച്ച് ചെത്തുന്നതിന് അനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കള്ളിലെ ആൾക്കഹോൾ അംശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇതിന്റെ പരിശോധന എന്നാണ് നടത്തിയിട്ടുള്ളത് ; പരിശോധനയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഇ) കള്ളിലെ പോഷകാഹാരത്തിന്റെ അളവും നല്ല ഭക്ഷ്യപാനീയവും ആണെന്നത് കണക്കിലെടുത്തും കള്ളിനെ മദ്യത്തിന്റെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ജി) നല്ല കള്ള് ഉല്പാദിപ്പിക്കുന്നതിനും, ഗുണമേന്മയുള്ള കലർപ്പില്ലാത്ത കള്ള് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2002-2003 വർഷത്തിൽ 23,78,24,086 ലിറ്റർ കള്ള് ഉല്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തെങ്ങുകൾ ചെത്തുന്നതിന് ലൈസൻസ് നല്കുന്നത് 6 മാസം വീതമുള്ള രണ്ട് തവണകളായിട്ടാണ്. ഈ വർഷം 1-ാം അർദ്ധ വർഷം മേയ് മാസം വരെ 2,31,016 തെങ്ങുകൾ ലൈസൻസ് നല്കി ചെത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly